# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.165/2025** **തിരുവനന്തപുരം, തീയതി: 28.07.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം 2025
## രണ്ടാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.
## കോളേജ് പ്രവേശനം ജൂലായ് 29, 30 തീയതികളിൽ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്ക് 2025-26 അധ്യയന വർഷത്തിലെ ബിരുദ പ്രവേശനത്തിനുള്ള രണ്ടാംഘട്ട സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2025) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർക്ക് നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് (ആദ്യഘട്ടത്തിൽ ഏതെങ്കിലും അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ വീണ്ടും അടക്കേണ്ടതില്ല) അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്. അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്. അലോട്ട്മെൻറ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in/fyugp2025) സന്ദർശിക്കുക. സംശയ നിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## ഒന്നാം വർഷ എംഎഡ് പ്രവേശനം - 2025
## അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 30.07.2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ കോളേജുകളിലെ 2025-26 അധ്യയന വർഷത്തിലേക്കുള്ള M.Ed പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ജൂലൈ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം NSS ട്രെയിനിംഗ് കോളേജ് പന്തളത്തെ അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കോളേജിൽ ഉൾപ്പടെ M.Ed കോഴ്സിന് താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് ജൂലൈ 30 വരെ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് ജൂലൈ 30 വരെ ഓപ്ഷനുകളിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. (https://admissions.keralauniversity.ac.in/med2025/). സംശയനിവാരണത്തിനായി 8281883053 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## പ്രോജക്ട് അപ്ലോഡ് ചെയ്യാനുള്ള അവസാന തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എംഎ/എംഎസ്സി/എംകോം/ എംഎസ്ഡബ്ല്യൂ (ന്യൂജെനറേഷൻ കോഴ്സുകൾ) (റെഗുലർ/സപ്ലിമെന്ററി) ജൂൺ 2025 പരീക്ഷയുടെ പ്രോജക്ട് അപ്ലോഡ് ചെയ്യാനുള്ള അവസാന തീയതി 2025 ജൂലൈ 31 ആയി പുനഃക്രമീകരിച്ചിരിക്കുന്നു.

## പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബിഎസ്സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) (റെഗുലർ - 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2020 അഡ്മിഷൻ) ജൂലൈ 2025 ന്റെ പ്രാക്ടിക്കൽ 2025 ജൂലൈ 30, 31 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ജൂണിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്സി എൻവയോൺമെന്റൽ സയൻസ് കോഴ്സിന്റെ പ്രാക്ടിക്കൽ & വൈവവോസി 2025 ആഗസ്റ്റ് 11 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി സുവോളജി (ന്യൂജെനറേഷൻ) പരീക്ഷകളുടെ പ്രാക്ടിക്കൽ/വൈവവോസി 2025 ജൂലൈ 31 മുതൽ ആഗസ്റ്റ് 11 വരെ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തുന്ന രണ്ട്, നാല് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബിഎച്ച്എം/ ബിഎച്ച്എംസിറ്റി) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ആഗസ്റ്റ് 14 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബിബിഎ ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ (റെഗുലർ - 2024 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2022 & 2021 അഡ്മിഷൻ,

മേഴ്സിചാൻസ് – 2016 – 2019 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**